**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6122** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ-ബിപ് ക്ലസ്റ്റർ വികസന പരിപാടി മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലെ കെ-ബിപ് ക്ലസ്റ്റർ വികസന പരിപാടി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചക്ക വ്യവസായ വകുപ്പ് കേരള ബ്യൂറോ ഓഫ ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ വ്യവസായ ക്ലസ്റ്റർ വികസനം. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡവലപ്മെൻറ പ്രോഗ്രാം (സിഡിപി) കൊണ്ട് ഉദ്ദേശിക്കുന്നത് ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (സി.എഫ്.സി.) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ. - സി.ഡി.പി പദ്ധതി പ്രകാരം പരമാവധി 70% സാമ്പത്തിക സഹായം ലഭിക്കും. ബാക്കി 20% സംസ്ഥാന വിഹിതവും 10% SPV (കൺസോർഷ്യം) വിഹിതവുമാണ്.<br><br>MSE - CDP പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSME) മന്ത്രാലയത്തിന്റെ കോഴിക്കോട് വുഡ് ഫർണിച്ചർ ക്ലസ്റ്ററിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഡിസൈൻ ഡവലപ്മെന്റ് ആൻഡ ഫർണിച്ചർ പ്രൊഡക്ട് പെർഫോമൻസ ക്വാളിറ്റി ടെസ്റ്റിംഗ് സൗകര്യം, മൂല്യവർദ്ധന സൗകര്യം, ഫർണിച്ചർ സാംപ്ലിംഗ് സൗകര്യം അൾട്രാമോഡേൺ പോളിഷ് ബൂത്ത സൗകര്യം, ഉൽപ്പന്ന പ്രദർശനം, വിപണന സൗകര്യം എന്നിവ സിഎഫ്സിയിൽ ഉണ്ടായിരിക്കും. സിഎഫ്സി-യുടെ മൊത്തം പദ്ധതിച്ചെലവ് 1,446.70 ലക്ഷം രൂപയാണ് |

| | | | |
|---|---|---|---|
| | | | ഇതിൽ കേന്ദ്ര സർക്കാർ വിഹിതം 1,012.69 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 289.34 ലക്ഷം രൂപയും കൺസോർഷ്യം (SPV) വിഹിതം 144.67 ലക്ഷം രൂപയുമാണ്. CFC പദ്ധതിയുടെ 75% പൂർത്തിയായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ CFC കമ്മീഷൻ ചെയ്യുന്നതാണ്.<br><br>കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ.- സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത 1,591.27 ലക്ഷം രൂപ ചെലവ് വരുന്ന സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, ഇരിങ്ങോൾ, പെരുമ്പാവൂർ എറണാകുളത്തിന് (സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ എറണാകുളം) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ അംഗീകാരം ലഭിച്ചു. സി എഫ്. സി -യുടെ മൊത്തം പദ്ധതിച്ചെലവായ 1,591.27 ലക്ഷം രൂപയിൽ 1050 ലക്ഷം രൂപ കേന്ദ്ര വിഹിതവും 300 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 241.27 ലക്ഷം രൂപ എസ്.പി.വി. (കൺസോർഷ്യം) വിഹിതവുമാണ്.<br><br>അതുപോലെ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 555.22 ലക്ഷം രൂപ ചെലവ് വരുന്ന അനന്തപുരം പപ്പടം ക്ലസ്റ്റർ കൊച്ചുവേളി, തിരുവനന്തപുരത്തിന (അന്തപുരം പപ്പട് ക്ലസ്റ്റർ, തിരുവനന്തപുരം) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ അംഗീകാരം ലഭിച്ചു. സി എഫ്. സി യുടെ മൊത്തം പദ്ധതിച്ചെലവായ 555.22 ലക്ഷം രൂപയിൽ 382.41 ലക്ഷം രൂപ കേന്ദ്ര വിഹിതവും 111.04 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 61.77 ലക്ഷം രൂപ എസ്.പി.വി. (കൺസോർഷ്യം) വിഹിതവുമാണ്. |
| (ബി) | 2019 ൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മാലിദ്വീപിലേക്ക് ബിസിനസ് പ്രതിനിധി സംഘം നടത്തിയ യാത്രയെ തുടർന്ന് കേരളത്തിൽ പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കേരളത്തിൽ നിന്നുള്ള സംരംഭകർക്ക് വിദേശത്ത് സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 11/10/2019 ലെ G.O. (Rt) No.1017/2019/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വ്യവസായ വാണിജ്യ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഔദ്യോഗിക പ്രതിനിധികൾക്ക് 2019 ഒക്ടോബർ 15 മുതൽ 17 വരെ മാലിദ്വീപിലെ ധരുബാരുഗിൽ സംഘടിപ്പിച്ച ഇന്ത്യ എക്സ്പോ 2019 എക്സിബിഷൻ സന്ദർശിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രാലയം മാലിദ്വീപിലെ ഇന്ത്യൻ എംബസി എന്നിവയുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ SEFM (SME & എന്റർപ്രണേഴ്സ് ഫെഡറേഷൻ ഓഫ് മാലിദ്വീപ്) ആണ് ഇന്ത്യ എക്സ്പോ 2019 സംഘടിപ്പിച്ചത്. 2019 ഒക്ടോബർ 15 മുതൽ 17 വരെ മാലിദ്വീപിൽ നടന്ന ഇന്ത്യ എക്സ്പോയിലും ഇന്ത്യ-മാലദ്വീപ് കോൺക്ലേവിലും കേരളത്തിൽ നിന്നുള്ള വിവിധ മേഖലകളിലെ 14 എംഎസ്എംഇ സംരംഭകരെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) മുഖേന പങ്കെടുപ്പിച്ചു. ഇതിലൂടെ കേരളത്തിലെ എം.എസ്.എം.ഇ- കൾക്ക് അവരുടെ ഉല്പന്നങ്ങൾ മാലിദ്വീപിൽ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും വിപണന ശൃംഖല വികസിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കി കൊടുത്തു. |

സെക്ഷൻ ഓഫീസർ